LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജുകളുടെ അഫിലിയേഷൻ

53 (502) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഏതെങ്കിലും മെഡിക്കൽ കോളേജ്, ആരോഗ്യസർവ്വകലാശാലക്ക് നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം മെഡിക്കൽ കോളേജുകളാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്താണ് എന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകൾ സർവ്വകലാശാലയ്ക്ക് നൽകുമ്പോൾ അതിലെ ജീവനക്കാരെ സർവ്വകലാശാലക്ക് വിട്ടുകൊടുക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളും മാനദണ്ഡങ്ങളുമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) സർവ്വകലാശാലയ്ക്ക് വിട്ടുകൊടുക്കുന്ന മെഡിക്കൽ കോളേജുകളുടെ ആസ്തികളും ബാദ്ധ്യതകളും തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

മെഡിക്കൽ കോളേജുകളിൽ പി.ജി. കോഴ്സുകൾ

54 (503) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ സർവ്വകലാശാല അതിന്റെകീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും മെഡിക്കൽ കോളേജുകൾക്ക് പി.ജി. കോഴ്സുകൾ നടത്തുന്നതിനും, നിലവിലുള്ള പി.ജി. കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതിലേക്കുള്ള അപേക്ഷ മെഡിക്കൽ യൂണിവേഴ്സിറ്റി എന്നാണ് സ്വീകരിച്ചത് ;

(സി) ഈ കോഴ്സുകൾക്കും സീറ്റ് വർദ്ധനയ്ക്കും യൂണിവേഴ്സിറ്റി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) മെഡിക്കൽ യൂണിവേഴ്സിറ്റി അനുവദിച്ച ഏതെങ്കിലും കോഴ്സിന് മെഡിക്കൽ കൗൺസിലിന്റെയോ ഡന്റൽ കൗൺസിലിന്റെയോ അനുമതി ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ഇ) പുതുതായി അനുവദിച്ച കോഴ്സുകളിലെയും സീറ്റുകളിലെയും പ്രവേശനത്തെ സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ;

(എഫ്) ഇതിലേക്കുള്ള അപേക്ഷകൾ എന്ന് സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ-എഫ്) ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ പി.ജി. കോഴ്സുകൾ നടത്തുന്നതിനും നിലവിലുള്ള പി.ജി. കോഴ്സുകളുടെ സീറ്റ് വർദ്ധിപ്പിക്കുന്നതിനും അനുമതിനൽകാൻ സർവ്വകലാശാലയ്ക്ക് അധികാരമില്ല. ഇത് സംബന്ധിച്ച അധികാരം കേന്ദ്ര സർക്കാരിലും ബന്ധപ്പെട്ട കേന്ദ്ര കൗൺസിലുകളിലും നിക്ഷിപ്തമാണ്.

പുതിയ മെഡിക്കൽ കോളേജുകളും കോഴ്സുകളും

55 (504) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മെഡിക്കൽ കോളേജുകൾ പുതുതായി ആരംഭിച്ചു ;

(ബി) ഓരോ മെഡിക്കൽ കോളേജുകളിലും ഏതൊക്കെ കോഴ്സുകളിലായി എത്രവീതം സീറ്റുകളാണ് ഉള്ളത് ;

(സി) ഓരോ കോഴ്സുകൾക്കുമുള്ള ഫീസ് വിവരം നൽകുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പ്രവർത്തനമാരംഭിച്ച മെഡിക്കൽ കോളേജുകളും പ്രസ്തുത കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് നിലവിലുള്ള സീറ്റുകളുടെ എണ്ണവും താഴെപ്പറയുന്നു :

1. അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, കൊല്ലം – 100
2. കരുണ മെഡിക്കൽ കോളേജ്, പാലക്കാട് – 100
3. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ – 100
4. കെ.എം.സി.റ്റി. മൈഡിക്കൽ കോളേജ്, കോഴിക്കോട് – 100
5. മലബാർ മെഡിക്കൽ കോളേജ്, കോഴിക്കോട് – 150
6. ശ്രീ നാരായണ മെഡിക്കൽ കോളേജ്, എറണാകുളം – 100
7. എസ്.യു.ടി. മെഡിക്കൽ കോളേജ്, തിരുവനന്തപുരം – 100
8. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം – 100

LIBRARY ARCHIVES Kerala Legislative Assembly